**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1077** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടസാധ്യതയുള്ള മേഖലകളിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടസാധ്യതയുള്ള മേഖലകളിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്

**(ബി)** റോഡ് അപകടങ്ങളിൽ മരണനിരക്ക് കുറയ്ക്കുന്നതിനായി 'ബ്ലാക്ക് സ്പോട്ട്'' പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വിവിധ കാലയളവുകളിൽ blackspot മേഖലകൾ കണ്ടെത്തുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ച് NATPAC മുഖാന്തരം പഠനം നടത്തിവരുന്നു. പഠനത്തിന് മുമ്പുള്ള മൂന്ന് കലണ്ടർ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങളുടെ വിശദാംശങ്ങൾ പോലീസ് വകുപ്പിലെ SCRB യിൽ നിന്നും ശേഖരിച്ച് Geographic Information System സോഫ്റ്റ് വെയറിന്റെ സഹായത്തോടെ അപഗ്രഥിച്ച് MoRTH ൻറെ ബ്ലാക്ക് സ്പോട്ട് മാനേജ്മെന്റ് പ്രോട്ടോകോൾ മാനദണ്ഡങ്ങൾക്ക് വിധേയമായി അപകടമേഖലകൾ കണ്ടെത്തി അപകടതീവ്രതയനുസരിച്ച് മുൻഗണന ക്രമവും ഈ പഠനത്തിൽ നിർണയിക്കും. തുടർന്ന് അതിതീവ്ര ബ്ലാക്ക്സ്പോട്ടുകൾ നിർമാർജനം ചെയ്യുന്നതിനാവശ്യമായ ശാസ്ത്രീയമായ ഡിസൈൻ തയ്യാറാക്കി, നടപ്പിലാക്കുന്നതിനായി PWD റോഡ് വിഭാഗത്തിന് റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും ധനസഹായം നൽകാറുണ്ട്.

**2010-11 Blackspot Management Study അടിസ്ഥാനത്തിൽ:** 2010-11 ൽ കണ്ടെത്തിയ 50 ബ്ലാക്ക് സ്പോട്ടുകളിൽ പരിഹാര നടപടികൾ ചെയ്യുന്നതിനായി PWD റോഡ് വിഭാഗത്തിന് 4.5 കോടി രൂപ റോഡ് സുരക്ഷാ ഫണ്ട് നൽകി നടപ്പിലാക്കിയിട്ടുണ്ട്.

**2016-17 Blackspot Management Study അടിസ്ഥാനത്തിൽ:** 2016-17 ൽ കണ്ടെത്തിയ 275 മുൻഗണനാ Blackspot-കളിൽ, പരിഹാര നടപടികൾ ചെയ്യുന്നതിനായി PWD റോഡ് വിഭാഗത്തിന് Rs 22.5 കോടി രൂപ റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചു.

**2019 Blackspot Management Study അടിസ്ഥാനത്തിൽ:** 2019-ൽ കണ്ടെത്തിയ 238 Blackspot-കളിൽ, 93 അതിതീവ്ര മുൻഗണനാ Blackspot-കളിൽ PWD (Roads) വിഭാഗം മുഖാന്തരം റോഡ് മാർക്കിങ്ങും, ട്രാഫിക് സൈൻബോർഡ് സ്ഥാപിക്കലും ഉൾപ്പെടെയുള്ള പ്രാഥമിക Blackspot പരിഹാര നടപടികൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി. 75 അതിതീവ്ര Blackspot-കളുടെ സ്ഥിരമായ

പരിഹാര നടപടികൾ NATPAC തയ്യാറാക്കിയ ഡിസൈൻ പ്രകാരം KRSA വഴി നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിൽ 25 Blackspot-കളുടെ സ്ഥിരമായ പരിഹാരത്തിനായി ₹23.5 കോടി രൂപ PWD Roads-ന് അനുവദിച്ചു

**2021 Blackspot Management Study അടിസ്ഥാനത്തിൽ:** 233 അപകടസാധ്യതയുള്ള റോഡ് സ്ട്രെച്ചുകൾ (Vulnerable Road Stretches) തിരിച്ചറിഞ്ഞു. ജില്ലാതല DRSC (District Road Safety Committee) കൾക്ക് ഓരോന്നിനും ₹10 ലക്ഷം വീതം അനുവദിയ്ക്കുകയും 5 ലക്ഷം രൂപ വീതം കൈമാറുകയും ചെയ്തു. ദേശീയപാതകളിലെ Blackspot നാഷണൽ ഹൈവേ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗവും നിയന്ത്രിക്കുന്ന ദേശീയപാതകളലെ NATPAC Blackspot- പഠനത്തിൽ കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളുടെ ലിസ്റ്റ്, പരിഹാര നടപടികൾക്കായി ബന്ധപ്പെട്ട വിഭാഗത്തിലെ മേധാവികൾക്ക് നൽകിയിട്ടുണ്ട്.

**(സി)** റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവാരമുള്ള സിഗ്നലുകൾ, സീബ്രാ ക്രോസിംഗുകൾ, തെരുവുവിളക്കുകൾ, ഡിവൈഡറുകൾ എന്നിവ സ്ഥാപിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (KRSA) വിവിധ അനുബന്ധ വകുപ്പുകളായ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് (പാതകൾ & നിരത്തുകൾ), ആരോഗ്യം, വിദ്യാഭ്യാസം എന്നിവയും 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും മുഖേനയാണ് പ്രധാനമായും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിലവാരമുള്ള റോഡ് സിഗ്നലുകൾ, സീബ്രാ ക്രോസിംഗുകൾ, തെരുവുവിളക്കുകൾ, ഡിവൈഡറുകൾ എന്നിവ സ്ഥാപിക്കുന്നതും റോഡ് നിർമ്മാണത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ ജില്ലാ റോഡ് സുരക്ഷാ ഫണ്ട് കൗൺസിലുകളുടെയും മറ്റ് വകുപ്പുകളുടെയും ശിപാർശപ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റി വിലയിരുത്തുകയും അനുവദിച്ചുനൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ, NATPAC മുഖാന്തിരം സംസ്ഥാന പാതകളിലെ അപകടസാധ്യതാമേഖലകൾ (Black Spots) കണ്ടെത്തി, വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന വഴി ആവശ്യമായ സിഗ്നലുകളും മറ്റ് സുരക്ഷാ സംവിധാനങ്ങളും ഉൾപ്പെടെയുള്ള പരിഹാര നടപടികൾ (Rectification Measures) നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. കോടതി നിർദ്ദേശപ്രകാരവും പ്രധാന അപകടസ്ഥലങ്ങളിലും ഇത്തരം പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും സ്വീകരിക്കുന്നുണ്ട്

**(ഡി)** റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുജനങ്ങളിൽ റോഡ് സുരക്ഷാ ബോധവത്കരണ പരിപാടികൾ കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി ഗതാഗത വകുപ്പ് 2026 ഒക്ടോബർ 6-ന് പുറപ്പെടുവിച്ച സ.ഉ(കൈ) 24/2026/TRANS പ്രകാരം സമഗ്രമായ സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും 'കേരള റോഡ് സുരക്ഷാ മിഷൻ' നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേ 66 പോലുള്ള മൾട്ടിലൈൻ ആധുനിക പാതകളുടെ വികാസത്തിന്റെ പശ്ചാത്തലത്തിൽ, സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സമഗ്രമായ ഒരു ട്രാഫിക് നിയമം രൂപീകരിക്കുകയെന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**